(ബി) പ്രസ്തുത വായ്പകളിൽ ഉൾക്കൊണ്ടിട്ടുള്ള തുകയെത്രയാണ്;

(സി) പ്രസ്തുത കാലയളവിൽ എത്ര പേർക്ക് സഹകരണമേഖലയിൽ പുനർ വായ്പ നൽകി;

(ഡി) പുനർവായ്പയുടെ പലിശ നിരക്കെത്രയാണ്, ഈ പുനർവായ്പകളെ സംബന്ധിക്കുന്ന ഒറിജിനൽ വായ്പകളുടെ പലിശ നിരക്കെത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വരൾച്ചമൂലം ദുരിതം അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പകൾ 2003-2004 വർഷത്തിൽ തിരിച്ചടയ്ക്കേണ്ടിയിരുന്നത് തിരിച്ചടയ്ക്കേണ്ട തീയതി മുതൽ മദ്ധ്യകാല വായ്പകളാക്കി മാറ്റുവാൻ സഹകരണ സംഘം രജിസ്ട്രാർ 15-4-2004-ൽ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 31-12-2004 വരെ സഹകരണ സംഘങ്ങൾ വഴി 66324 ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) 31-12-2004 വരെ സഹകരണ സംഘങ്ങൾ വഴി 9593.72 ലക്ഷം രൂപയുടെ ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കി മാറ്റിയിട്ടുണ്ട്.

(സി) 31-12-2004 വരെ 20855 പേർക്ക് സഹകരണ സംഘങ്ങൾ വഴി പുനർ വായ്പ നൽകിയിട്ടുണ്ട്.

(ഡി) വരൾച്ച ബാധിത പ്രദേശങ്ങളിലെ കൃഷിക്കാർക്ക് നൽകിയ പുനർ വായ്പകൾക്ക് 8.5% പലിശ നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.

പുനർ വായ്പ നൽകിയ കർഷകർ കാർഷികാവശ്യങ്ങൾക്ക് എടുത്ത മുൻ വായ്പകൾക്ക് 22-2-2003 മുതൽ 10.5%-ഉം ടി തീയതിക്കു മുമ്പ് എടുത്ത വായ്പകളിൽ 50,000 രൂപ വരെയുള്ള വായ്പകൾക്ക് 11%-ഉം 50,000 രൂപയ്ക്കും 2 ലക്ഷത്തിനും ഇടയിൽ 12.5%-ഉം പലിശയായി ഈടാക്കിയിരുന്നു.

സഹകരണ സംഘങ്ങളിലെ വായ്പയുടെ പലിശ

148 [3038] ശ്രീ. ജോർജ് ജെ. മാത്യു :
,, സി. പി. മുഹമ്മദ് :
,, കെ. മോഹൻകുമാർ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ നൽകുന്ന വായ്പകളുടെ പലിശ കുറയ്ക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്ര ശതമാനം കുറവ് വരുത്തി;

(സി) പ്രസ്തുത ആനുകൂല്യം വായ്പയെടുത്തവർക്കെല്ലാം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയതെപ്രകാരമാണ്;

(ഡി) പ്രസ്തുത വിവരം എല്ലാം സഹകരണ സ്ഥാപനങ്ങളുടെയും ഗ്രാമ പഞ്ചായത്തുകളുടെയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാനേർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) കുറയ്ക്കുകയുണ്ടായി.

(ബി) സഹകരണ സ്ഥാപനങ്ങൾ നൽകുന്ന വായ്പകൾക്ക് മുമ്പ് ഉണ്ടായിരുന്ന നിരക്കിനേക്കാൾ നാലു ശതമാനം കുറവ് വരുത്തിയിട്ടുണ്ട്.

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ സമ്മേളനത്തിലെ ശുപാർശകൾ കൂടി കണക്കിലെടുത്ത് സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ നൽകി വരുന്ന വായ്പകളുടെ പരമാവധി പലിശ നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും നൽകിവരുന്നുണ്ട്. ആയത് പ്രകാരമുള്ള നിരക്കിലാണോ വായ്പ നൽകുന്നതെന്ന് വകുപ്പ് ഉദ്യോഗസ്ഥൻമാർ കാലാകാലങ്ങളിൽ നടത്തുന്ന പരിശോധനയിലും ആഡിറ്റ് വേളയിലും പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്.

(ഡി) പ്രസ്തുത സർക്കുലർ നിർദ്ദേശങ്ങൾ എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ വഴി പ്രാഥമിക സംഘങ്ങൾക്ക് നൽകുന്നുണ്ട്. കൂടാതെ പബ്ലിക് റിലേഷൻസ് ഡയറക്ടർ മുഖേന എല്ലാ മാദ്ധ്യമങ്ങൾ വഴിയും സഹകരണ വകുപ്പിന്റെയും സഹകരണ യൂണിയന്റെയും പ്രസിദ്ധീകരണങ്ങളായ സഹകരണ വീഥി, സഹകരണ ജേർണൽ എന്നിവ വഴിയും പരസ്യപ്പെടുത്തുന്നുണ്ട്.

കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ വായ്പാ പലിശ നിരക്ക്

149 [3039] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ ഏതെല്ലാം തരത്തിലുള്ള വായ്പകൾ നൽകിവരുന്നു;

(ബി) പ്രസ്തുത വായ്പകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന പലിശ നിരക്കുകൾ തരംതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി കാർഷികവും കാർഷികേതരവുമായ വായ്പകൾ നൽകിവരുന്നു. സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളുടെ സവിശേഷതകൾക്കനുസരിച്ച് കാർഷിക വികസന പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly